# റോക്‌ലാണ്ട് ജോയിൻറ് കൗൺസിൽ ഭക്തിനിർഭരമായി ഐക്യക്രിസ്തുമസ് ആഘോഷിച്ചു

ന്യൂയോർക്ക്. ന്യൂയോർക്കിലെ റോക്‌ലാണ്ട് കൗണ്ടിയിലുള്ള വിവിധ ക്രൈസ്തവ സഭകളുടെ സംയുക്തവേദിയായ ജോയിൻറ് കൗൺസിൽ ഓഫ് ചർച്ചസിൻെറ പതിനെട്ടാമത് ഐക്യ ക്രിസ്തുമസ് ആഘോഷം ജനുവരി മാസം 7-ാം തീയതി ഞായറാഴ്ച വൈകുന്നേരം നാലു മണിക്ക് സഫേണിലുള്ള സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ചിൽ വെച്ചു നടത്തപ്പെട്ടു. വിവിധ ഇടവകകളെ പ്രതിനിധീകരിച്ച് ഗായകസംഘാംഗങ്ങടും, ഇടവകജനങ്ങളും കമ്മറ്റിയംഗങ്ങളും പട്ടക്കാരും, അഭിവന്ദ്യ തിരുമേനിയും മുഖ്യകവാടത്തിലൂടെ ദേവാലയത്തിൽ പ്രവേശിച്ചതോടുകൂടി ആഘോഷങ്ങൾക്കു തുടക്കമായി. തുടർന്നു നടന്ന ആരാധനയ്ക്ക് അഭിവന്ദ്യ തിരുമേനിയും പട്ടക്കാരും നേതൃത്വം നൽകി.

റോക്‌ലാണ്ട് കൗണ്ടിയിലുള്ള ഓൾ സെയിൻറ്സ് എപ്പിസ്കോപ്പൽ ചർച്ച്, ബഥനി മാർത്തോമ്മാ ചർച്ച്, സെൻറ് ജോൺസ് ഓർത്തഡോക്സ് ചർച്ച്, സെൻറ് മേരീസ് ക്നാനായ കാതലിക് ചർച്ച് സി.എസ്സ്.ഐ ക്രൈസ്റ്റ് ചർച്ച്, സെൻറ് ജയിംസ് മാർത്തോമ്മാ ചർച്ച്, സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ച്, എന്നിവരുടെ വേദവായനയും, ഗാനശുശ്രൂഷയും കൂടാതെ ജേക്കബ് ജോർജിൻെറ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നുള്ള മുപ്പതംഗ സംയുക്ത ഗായകസംഘവും ആഘോഷത്തിൽ ശ്രുതിമധുരങ്ങളായ ഗാനങ്ങളാലപിച്ചു. സെൻറ് ജയിംസ് ഇടവക യുവജനങ്ങൾ അവതരിപ്പിച്ച വാദ്യസംഗീതം ആഘോഷങ്ങൾക്കു മാറ്റുകൂട്ടി,

മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയാ മാർ നിക്കോളവോസ് മെത്രാപ്പോലീത്താ ക്രിസ്തുമസ് സന്ദേശം നൽകി. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് സെൻറൽ കമ്മറ്റിയംഗവും ചർച്ച് വേൾഡ് സർവ്വീസ് ബോർഡ് മെമ്പറുമായ അഭിവന്ദ്യ തിരുമേനിയെ സമ്മേളനത്തിൽ ആശംസിച്ചു. റവ.ഫാ ഡോ രാജു വർഗീസ് അഭിവന്ദ്യ തിരുമേനിയെ ആശംസകളറിയിച്ചു.

സെൻറ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ചിലെ കുട്ടികൾ അവതരിപ്പിച്ച ജനനപെരുന്നാളിൻെറ ദൃശ്യാവിഷ്ക്കകരണം ആഘോഷങ്ങളിലെ മുഖ്യഘടകമായിരുന്നു. ക്രിസ്തുമസ് ആഘോഷത്തിലെ സ്തോത്രകാഴ്ചയിൽനിന്നും ലഭിച്ച തുക ഹാർവി, ഇർമ കൊടുങ്കാറ്റുകളിൽ ദുരിതമനുഭവിക്കുന്നവരുടെ ജീവകാരുണ്യപ്രവർനത്തിനു വിനിയോഗിക്കുന്നതിനായി ചർച്ച് വേൾഡ് സർവ്വീസിനു സമ്മേളനത്തിൽ വെച്ചു സംഭാവനയായി നൽകി. ജോയിൻറ് കൗൺസിൽ പ്രസിഡൻറ് റവ. സജു ബി. ജോൺ ആമുഖപ്രഭാഷണം നടത്തി. കഴിഞ്ഞ 18 വർഷങ്ങളായി സംയുക്ത ഗായകസംഘത്തിനു ഗാനപരിശീലനം നൽകുകയും നീയന്ത്രിക്കുകയും ചെയ്യുന്ന ജേക്കബ് ജോർജിനെ ചടങ്ങിൽ പൊന്നാട ഇട്ടു ആദരിച്ചു. സെക്രട്ടറി ജിജി റ്റോം സ്വാഗതവും ട്രഷറർ സജി എം.പോത്തൻ നന്ദിയും രേഖപ്പെടുത്തി. വെരി. റവ. ഗീവർഗീസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പായുടെ സമാപന പ്രാർത്ഥനയോടെയും ആശിർവാദത്തോടും ചടങ്ങുകൾ സമാപിച്ചു. മറ്റു വൈദീകരായ റവ. മാത്യൂ ബേബി, റവ. ഫാ. ഡോ വർഗീസ് എം. ഡാനിയേൽ, ഫാ. തോമസ് മാത്യൂ, ഫാ ജോസഫ് മാര്യൂ അടോപ്പിള്ളിൽ എന്നിവരും സാന്നിധ്യം നൽകി സഹായിച്ചു.

കഴിഞ്ഞ പതിനെട്ടു വർഷങ്ങളായി ജോയിൻറ് കൗൺസിൽ ഓഫ് ചർച്ചസ്, റോക്‌ലാണ്ട് കൗണ്ടിയിലെ വിവിധ സഭാ വിഭാഗങ്ങൾക്ക് ക്രിസ്തീയ കൂട്ടായ്മയും, പരസ്പര സഹകരണവും നൽകുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. റവ. സജു ബി. ജോൺ (പ്രസിഡൻറ്), റവ. ഫാ. മാത്യൂ തോമസ് (വൈസ് പ്രസിഡൻറ്), ജിജി റ്റോം (സെക്രട്ടറി), ഡാനിയേൽ വർഗീസ് (ജോയിൻറ് സെക്രട്ടറി), സജി പോത്തൻ (ട്രഷറർ), ബാബു മത്തായി (ജോയിൻറ് ട്രഷറർ), ബാബു മാര്യൂ, ജീമോൻ വർഗീസ് രാജൻ മാത്യൂ എന്നിവർ കോർഡിനേറ്ററൻമാരുമായി, വിവിധ ഇടവകകളിലെ പട്ടക്കാരും കമ്മറ്റിയംഗങ്ങളുമടങ്ങുന്ന വിപുലമായ കമ്മറ്റിയാണ് ആഘോഷങ്ങൾക്കു വേണ്ട നേതൃത്വം നൽകിയത്.